Reg. No.: ...............................

Name : .................................

GOVT. BRENNEN COLLEGE LIBRARY THALASSERY

**M 7713**

**I Semester B.A. Degree (CCSS – Supple./Improve.)**
**Examination, November 2014**
**CORE COURSE IN MALAYALAM**
**1 B 01 MAL : കവിത ആധുനികം ആധുനികാനന്തരം**
**(2012 and 2013 Admn.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) ഉത്തരമെഴുതുക.

a) ജ്ഞാനപീഠം നേടിയ ആദ്യ മലയാള കവി ?

b) ശക്തിയുടെ കവി എന്നു വിളിക്കുന്നതാരെ ?

c) തകർന്ന മുരളി എന്ന കവിതയിൽ അനുസ്മരിക്കപ്പെടുന്ന കവി ?

d) മെക്കാളെയുടെ മകളായി വിവക്ഷിക്കുന്നത് എന്തിനെ ?

2) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

a) പ്രരോദനം

b) കുടിയൊഴിക്കൽ

c) ആയിഷ

d) ഇവനെക്കൂടി

3) ''സ്തബ്ധനായ് പുത്രീവിയോഗവ്യഥയിൽ വിന്ധ്യാചലം''

a) വിന്ധ്യാചലം സ്തബ്ധനാകാൻ കാരണമെന്ത് ?

b) വിന്ധ്യാചലത്തിന്റെ പുത്രി ആരാണ് ?

c) ഏതു കവിതയിലെ വരികൾ ?

d) കവി ആര് ?

P.T.O.

4) ''കാട്ടിയ കെടുതികൾ പൊറുത്തു, വിദൂരമാം
നാട്ടിലേക്കയച്ചു നിൻ പൂജ്യനാം പിതാവിനെ''

a) ആരോടാണ് പറയുന്നത് ?

b) പൂജ്യനാം പിതാവ് ആരാണ് ?

c) ഏത് കവിത ?

d) കവി ആര് ?

5) വിട്ടുപോയ പദം ചേർത്ത് പൂരിപ്പിക്കുക.

a) കാവ്യം __________ കഥ രാഘവീയം

b) കർത്താവ് __________ ദിവ്യൻ

c) ചൊല്ലുന്നതോ __________ സ്വരത്തിൽ

d) __________ ഇനിയെന്തു വേണം.

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(1×4=4 വെയിറ്റേജ്)**

6) ''കയ്ക്കുന്നു പഴഞ്ചനിസ്സംസ്കാര;മെൻ കണ്മുന്നിൽ
നിൽക്കരുതിളിക്കുന്ന നാട്ടു പുൽച്ചെടി വർഗ്ഗം'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

7) ''ആര്യവംശത്തിന്നടിയറവയ്ക്കുമോ
സൂര്യവംശത്തിന്റെ സ്വർണ്ണസിംഹാസനം'' – ആരുടെ വാക്കുകൾ ? സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) ''എന്നിട്ടു, മെന്നിട്ടുമീവിധം നീ –
യെന്നെയെന്നേക്കും വെടിഞ്ഞുവല്ലോ !''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

9) 'ദിലീപൻ' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

10) ''ഈ ചരിഞ്ഞ ഭൂമിയിൽ
എല്ലാം ചരിഞ്ഞിരിക്കുമ്പോൾ
എന്തിനാണ്
ഞാൻ മാത്രം നേരേയിരിക്കുന്നത് ''? കവി വിവക്ഷിതം എന്ത് ? വ്യക്തമാക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(2×5=10 വെയിറ്റേജ്)**

11) ''കൊഞ്ചൽത്തേൻ മൊഴി മണി, നിത്യകന്യകേ, നിൻ
മഞ്ചത്തിൽ മണമറികില്ല മൂർത്തിമാരും'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

12) ''പുണ്യപുരുഷന്മാർ മരിച്ചുപോയ് ഭൂമിയുടെ
പുണ്യമിതു മിഥ്യാപുരാണം'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

13) ''ഭയാനകം ഹാ, സ്മൃതിവാക്യഘോഷം
ജാതിപ്പിശാചിൻ പ്രചുരാട്ടഹാസം'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

14) ''ദേഹമിന്നതിൽ ചൂടിൽ ദഹിച്ചാൽ ദഹിക്കട്ടെ,
മോഹനപ്രകാശമെന്നാത്മാവു ചുംബിച്ചല്ലോ'' – ആരുടെ മനോഭാവമാണിത് ? വിശദമാക്കുക.

15) ''നല്ല മക്കളെപ്പെറ്റ വയറേ തണുക്കുള്ളൂ'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

16) ''തന്നെത്തന്നേ തീറ്റകൊടുത്തിവർ
പോറ്റിയെടുപ്പീലാരാരെ ? '' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×3=12 വെയിറ്റേജ്)**

17) വള്ളത്തോൾ കവിതയിലെ നാടകീയത ' ഒരു തോണിയാത്ര'യെ ആസ്പദമാക്കി വിവരിക്കുക.

18) ജീവിതരതിയുടെ സങ്കീർത്തനമാണ് 'ഉജ്ജ്വലമുഹൂർത്തം' – ഉപന്യസിക്കുക.

19) 'താടക എന്ന രാജകുമാരി' എന്ന കവിതയിലൂടെ വയലാർ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാമാണ് ? വിവരിക്കുക.

20) 'ഇരുപത് വയസ്സായ മകൾക്ക് ഒരു താരാട്ട്' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.